# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1690** — **04.12.2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | ഭവനരഹിതരെയും, ഭൂരഹിത ഭവനരഹിതരെയും ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പിലാക്കിയ ലൈഫ് പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ | ലൈഫ് പദ്ധതിയുടെ ആദ്യ ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന പദ്ധതി പ്രകാരം 54,036 പേരെയും, രണ്ടാമത്തെ ഘട്ടമായ ഭൂമിയുള്ള ഭവന രഹിതരായി 1,84,255 പേരെയും, മൂന്നാമത്തെ ഘട്ടമായ ഭൂരഹിത ഭവനരഹിതരായി 3,36,294 പേരെയും കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| ബി | ഇതിൽ എത്ര കുടുംബങ്ങൾക്ക് നാളിതുവരെ വീട് ലഭ്യമാക്കി; ആയതിന് ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ; | ബി | പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന ഒന്നാംഘട്ട പ്രകാരം 49,016 പേരുടെ ഭവനങ്ങളും, ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം നൽകുന്ന രണ്ടാംഘട്ട പ്രകാരം 354 പേർക്കും ഭവനങ്ങൾ നൽകി. ആയതിന് ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| സി | അവശേഷിക്കുന്നവർക്ക് എപ്പോൾ വീട് ലഭ്യമാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; ഇതിലേക്ക് എന്തു തുക മാറ്റി വച്ചിട്ടുണ്ട്; | സി | ഭൂമിയുള്ള ഭൂരഹിതർക്ക് 2018-19 ലും ഭൂരഹിത ഭവനരഹിതർക്ക് പദ്ധതി കാലയളവിലും ഭവനം ലഭ്യമാക്കാൻ കഴിയുന്നതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും 20% തുക മാറ്റി വക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 4000 കോടി രൂപ HUDCO വഴി വായ്പ എടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികളും |

| | | | |
|---|---|---|---|
| | | | നടന്നുവരുന്നു. |
| ഡി | പ്രസ്തുത പദ്ധതി മുടങ്ങാതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ; | ഡി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കി കൃത്യമായ മേൽനോട്ടവും നിരീക്ഷണവും ഉറപ്പുവരുത്തുന്നതും കൃത്യമായ സമയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ഉറപ്പ് വരുത്തുന്നതുമാണ്. കൂടാതെ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി വളരെ പാവപ്പെട്ടവരുടെ ഭവന പൂർത്തീകരണം സാധ്യമാക്കുന്നതുമാണ്. |
| ഇ | പ്രസ്തുത പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയശേഷം വീട് നിർമ്മിക്കാത്ത അനർഹരായ എത്ര പേർക്കെതിരെ ലൈഫ് മിഷൻ നടപടി തുടങ്ങി; എപ്രകാരമുള്ള നടപടിയാണ് ഉദ്ദേശിക്കുന്നതെന്നും ഇതിലൂടെ എത്ര തുകയുടെ നഷ്ടം ലൈഫ് മിഷന് വന്നുവെന്നും വ്യക്തമാക്കുമോ? | ഇ | ആരുടെ പേരിലും നടപടി സ്വീകരിച്ചിട്ടില്ല. ധനസഹായം കൈപ്പറ്റി ഭവനം നിർമ്മിക്കാത്തവരിൽ നിന്നും റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ